# കാള കിടക്കും കയറോടും

ഹിന്ദിസിനിമ ധൂം ഒരു മാതൃകയായത് ഈയടുത്ത് ഒരു ബാങ്ക് കൊള്ളയിലാണത്രെ. കുറ്റകൃത്യങ്ങളിൽ ജനം മാതൃകയായി സ്വീകരിക്കുന്നത് പലപ്പോഴും സിനിമ-സീരിയ ലുകളെയാണ്.

അതെന്തെങ്കിലുമാകട്ടെ, മറ്റൊരു സൂചിപ്പിക്കാനാണ് ഇത് സൂചിപ്പിച്ചത്.

അമ്പലത്തിലെ പ്രത്യേക ചടങ്ങിന് പുറപ്പെട്ട മധ്യവയസ്കയെ രണ്ട് യുവാക്കൾ തട്ടിക്കൊണ്ടു പോയതായി റിപ്പോർട്ട് ചെയ്തത് അടുത്ത കാലത്താണ്.

മദേഴ്സ് ഡേ, വാലൻെറൻ ഡേ തുടങ്ങിയ കുറേ "ഡേ"കളിലൂടെയാണ് നമ്മു ടെ ദിനങ്ങൾ കടന്നുപോകുന്നത്. ആദരിക്കപ്പെടുകയോ സ്മരിക്കപ്പെടുകയോ ഒക്കെയാ ണല്ലോ "ഡേ"കളുടെ രാഷ്ട്രീയം.

പക്ഷേ, ഡേകൾക്കും കാംപയിനുകൾക്കും നിയന്ത്രിക്കാൻ പറ്റാത്ത വിധത്തിലാണ് സ്ത്രീകൾക്ക് നേരെയുള്ള കൈയേറ്റങ്ങളുടെ അവസ്ഥ. തൊഴിൽരംഗത്തെ ചൂഷണം, ലൈംഗികവേഴ്ചകൾക്കായുള്ള ബലാൽക്കാരം തുടങ്ങി സ്ത്രീകൾ ഉദ്ബുദ്ധകേരള ത്തിൽ കൂടുതൽ പീഡനത്തിന് ഇരയാവുകയാണ്.

സ്ത്രീകൾക്കു വേണ്ടി നിയമങ്ങളുണ്ട്. പക്ഷേ, അവ പാലിക്കുന്നിടത്താണ് തകരാ റുകൾ സംഭവിക്കുന്നത്.

തദ്വിഷയകമായി സാമൂഹിക അവബോധം ധാരാളമുള്ള സമൂഹമാണ് കേരള ത്തിലേത്. ചില സ്ത്രീകളുടെ അപക്വമോ വീണ്ടുവിചാരം ഇല്ലാത്തതോ ആയ ചാപല്യ ങ്ങൾ മൂലം ഉണ്ടായ ഏതാനും സംഭവങ്ങൾ ഒഴിച്ചുനിർത്തിയാൽതന്നെയും സ്ത്രീകളുടെ നേരെയുള്ള കടന്നുകയറ്റം അപകടകരമായി വർധിക്കുകയാണ്.

എന്തുകൊണ്ട് സ്ത്രീകൾ കൈയേറ്റം ചെയ്യപ്പെടുന്നു എന്ന ചോദ്യത്തിന് പുതുമ നഷ്ടപ്പെട്ടിരിക്കുന്നു. അതേയവസരം ഒറ്റപ്പെട്ട സംഭവങ്ങൾ മാറ്റിനിർത്തിയാൽ സ്ത്രീകൾ സ്വയം തന്നെ ഒരു കാരണം ഉണ്ടാക്കുന്നുമില്ല. പിന്നെ എവിടെ യാണ് തകരാറ്?

ഇവ്വിഷയകമായി നാം നിരത്തുന്ന നിമിത്തങ്ങളൊക്കെ വിഷയത്തിൻെറ ഹേതു ക്കളുടെ ലഘുവായ ഭാഗങ്ങളാകുന്നു. പക്ഷേ, അടിസ്ഥാന തകരാറ് വ്യവസ്ഥിതിയു ടെതാണ്. ക്രൂരമായ ബലാൽക്കാരത്തിന് വിധേയയാകുന്ന സ്ത്രീകളുടെ വിലാപങ്ങൾക്ക് വില പറയുന്ന നിയമലംഘനങ്ങളും നിയമങ്ങളിൽ ഇടപെടുന്ന രാഷ്ട്രീയവും നിലനി ല്ക്കുന്ന കാലത്തോളം ഒരു "ഡേ" കൾക്കും സ്ത്രീകളെ രക്ഷിക്കാ നാകില്ല.

ഏത് മേഖലയിലായാലും സ്ത്രീകളുടെ സുരക്ഷ പ്രധാനമാണ്. പ്രകൃതിപരമായ വൈജാത്യങ്ങൾ ഉള്ളതോടൊപ്പം തന്നെ പുരുഷനെപ്പോലെ അവൾക്കും പരമാവധി സ്വാതന്ത്ര്യത്തോടെ ജീവിക്കാനാകണം.

വ്യവസ്ഥ മാറാതെ, പീഡിപ്പിക്കപ്പെടുന്ന സ്ത്രീകളുടെ വനരോദനം അവസാനി ക്കില്ല. കൊള്ളക്കും കവർച്ചക്കും അവലംബിക്കുന്ന സിനിമാമോഡലുകളാണ് സ്ത്രീകളെ തട്ടിക്കൊണ്ടുപോകുന്നതിനും സ്വീകരിക്കുന്നത്. ഇത്തരത്തിൽ പീഡിപ്പിക്ക പ്പെടേണ്ടവരാ ണോ സ്ത്രീകൾ? തങ്ങളുടെ കാമം തീർക്കാൻ കണ്ടവനെല്ലാം കൈയേറ്റം ചെയ്യാനുള്ള ഉപഭോഗവസ്തുവാണോ അവൾ? ബസ്സിൽപോലും പുരുഷൻെറ ഉരുമ്മൽ ഏറ്റുവാ ങ്ങേണ്ട കാമവെറിയാണ് സാംസ്കാരിക കേരളത്തിൽ അവളെ ചുറ്റിപ്പറ്റിനില്ക്കുന്നത്. എത്ര പുരോഗതി ഉണ്ടായിട്ടെന്ത് ജീവിതത്തിൽ അതിന് രംഗം കാണ്ടെത്താൻ കഴിയാ ത്തവരാണ് രാഷ്ട്രീയ കേരളം. കാള കിടക്കും കയറോടും എന്ന ചൊല്ലിന് തുല്യമാണ് നമ്മുടെ സ്ഥിതി. അറിവും സംസ്കാരവും ഒരു ഭാഗത്ത്, ജീവിതം വേറെ രംഗത്തും.

പുരുഷനെപ്പോലെ, സമൂഹത്തിൽ സ്വാതന്ത്ര്യവും അധികാരവുമുള്ള അർധാം ശമാണവൾ. ഉത്തരവാദിത്തങ്ങളിൽ അവളോടുള്ള സഹകരണമാണ് പീഡനമല്ല നീതി.

അതേയവസരം തൻെറ ജന്മത്തെ സംബന്ധിച്ച അവബോധം സ്ത്രീക്കും ആവശ്യമാണ്. പുരുഷൻെറ കാമവെറിയോട് സഹകരിച്ചും അവൻെറ പീഡനം ഏറ്റു വാങ്ങിയും ജീവിക്കാൻ വിധിക്കപ്പെട്ടവളല്ല താൻ എന്ന തിരിച്ചറിവ് അവൾക്ക് വേണം. മാനമായ വസ്ത്രധാരണ, അതിനനുസരിച്ച പെരുമാറ്റം മുതലായവ അവൾ തൻെറ വ്യക്തിമുദ്രയായി പ്രകടിപ്പിക്കുക തന്നെ വേണം. അത്തരം സമീപനവും ജീവിതരീതിയും മാത്രമേ അവളെ സംരക്ഷിക്കുകയുള്ളൂ.